## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം - 87** 04/06/2018 **ൽ മറുപടിക്ക്**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ജോർജ് എം. തോമസ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സ സഹായം ലഭിക്കുന്നതിനുള്ള അപേക്ഷ നടപടി ക്രമങ്ങൾ പൂർത്തിയാക്കി സെക്രട്ടേറിയറ്റ് വകുപ്പിൽ എത്തിയിട്ടും ഉത്തരവ് ഇറങ്ങുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) & (ബി) & (സി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണ വുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തിര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച് വരുന്നു. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനുവദി ക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് എത്തിക്കുന്നതിന് DBT (Direct Benefit Transfer) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ധന സഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും ഓൺലൈനായി നൽകി വരുന്നു. DBT സംവിധാനം പ്രയോജനപ്പെടുത്തുന്നതിലേക്കായി അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തി യിട്ടില്ലാത്ത അപേക്ഷകളിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തി തുക നേരിട്ട് അക്കൗണ്ടിലേക്ക് നൽകു ന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും താലൂക്ക് ഓഫീസറെയും വില്ലേജ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. രേഖകൾ പൂർണ്ണമായും ലഭ്യമായിട്ടുള്ള അപേക്ഷകളിൽ ശരാശരി ആറു ദിവസത്തിനകം അപേക്ഷയിൽ തീരുമാനമെടു ക്കുന്നതിന് സാധിക്കുന്നുണ്ട്. |
| (ബി) എങ്കിൽ ഇത് എന്തുകൊണ്ടാ ണെന്ന് വ്യക്തമാക്കുമോ; | |
| (സി) ഉത്തരവിറങ്ങുന്നതിനുള്ള കാല താമസം ഒഴിവാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരി ക്കുമോ? | |

Sunitha A.S.
സെക്ഷൻ ആഫീസർ